File No.RCS/3836/2020-G (1)

## കേരള സംസ്ഥാന സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

ജി (1) 3836/2020 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം,തീയതി :**23/04/2021**

വിഷയം :- സഹകരണ വകുപ്പ് -മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ ആർബിട്രേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ആർബിട്രേറ്റർമാരുടെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നത് -സംബന്ധിച്ച്.

സൂചന :- 1.കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ 24.02.2003 ലെ എസ്.ഒ.216 (ഇ) നമ്പർ നോട്ടിഫിക്കേഷൻ
2.സഹകരണ സംഘം രജിസ്ട്രാറുടെ 08.02.2021 ലെ ഇതേ നമ്പർ ഉത്തരവ്

2002 ലെ മൾട്ടിസ്റ്റേറ്റ് സഹകരണ സംഘം നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന സഹകരണ സംഘങ്ങൾക്ക് ടി നിയമത്തിലെ വകുപ്പ് 84 പ്രകാരവും 1996 ലെ ആർബിട്രേഷൻ ആന്റ് കൺസിലിയേഷൻ എന്നിവയുമായി ബന്ധപ്പെട്ടതും ( എന്നാൽ 1947 ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലെ വകുപ്പ് 2 (കെ) പ്രകാരം പ്രഖ്യാപിച്ചിട്ടുള്ള രീതിയിലുള്ള വ്യവസായങ്ങൾക്കോ വേതനം പറ്റുന്ന ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടി ഒഴികെയുള്ളവ ) ആയ തർക്കങ്ങൾ പരിഹരിക്കുന്നതിന്, 2002 ലെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘം നിയമത്തിലെ വകുപ്പ് 4(2) ന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം, ലഭ്യമായ അപേക്ഷയുടെ അടിസ്ഥാനത്തിൽ 5 പേരടങ്ങുന്ന ആർബിട്രേറ്റർമാരുടെ പാനൽ തയ്യാറാക്കി ഉത്തരവായിരുന്നു . ആയത് പ്രകാരം നിയോഗിച്ച ടി ആർബിട്രേറ്റർമാരുടെ കാലാവധി സൂചന (2) ഉത്തരവ് തീയതി മുതൽ 3 മാസക്കാലത്തേക്കായിരുന്നതിനാലും ടി ആർബിട്രേറ്റർമാരിൽ ശ്രീ ഷിബു ജേക്കബ് ഒഴികെയുള്ള അംഗങ്ങൾക്ക് നിലവിലും പദവിയിൽ തുടരുന്നതിന് യോഗ്യത നിലനിൽക്കുന്നതിനാലും പാനലിലെ അംഗമായ ശ്രീ സക്കീർ ഹുസൈൻ ന് 17.04.2021 മുതൽ 31.05.2021 വരെ ടി പാനലിൽ തുടരുന്നതിനും ബാക്കിയുള്ള 3 അംഗങ്ങൾക്ക് 17.04.2021 മുതൽ മൂന്നു മാസ കാലാവധി വരെ തുടരുന്നതിനും ചുവടെപ്പറയും പ്രകാരം ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | മേൽ വിലാസം | നിയമന കാലാവധി |
|---|---|---|---|
| 1 | ശ്രീ സക്കീർ ഹുസൈൻ എസ്സ് | ഡെപ്യൂട്ടി രജിസ്ട്രാർ (Rt.)<br>ഷിദ്സഫ്, വാളക്കോട് പി.ഒ<br>പുനലൂർ- 691 331<br>Ph 8848193465 | 17.04.2021 മുതൽ 31.05.2021 വരെ |
| 2 | ശ്രീ പി.ജി | ജോയിന്റ് ഡയറക്ടർ (Rt.) | 17.04.2021 മുതൽ 3 |

| | | | |
|---|---|---|---|
| | നാരായണൻ | അതസി, പെരുവാരം(E)<br>നോർത്ത് പറവൂർ, 683513<br>Ph 9446216868 | മാസക്കാലാവധി |
| 3 | ശ്രീ കെ.ആർ രാജേഷ് കുമാർ | ജോയിന്റ് രജിസ്ട്രാർ (Rt.)<br>കുരീക്കാട്ടിൽ വീട്,<br>നാരങ്ങാനം വെസ്റ്റ് പി.ഒ<br>പത്തനംതിട്ട 689642 | '' |
| 4 | ശ്രീ ജെയിംസ് എം വർഗ്ഗീസ് | ജോയിന്റ് ഡയറക്ടർ (റിട്ട)<br>മഞ്ഞാടിയിൽ ഹൗസ്,<br>പന്തല്ലൂർ ഹിൽസ് പോസ്റ്റ്<br>പാണ്ടിക്കാട്, മലപ്പുറം<br>പിൻ 676521<br>Ph 9497669439, 6282831174 | '' |

കേന്ദ്ര രജിസ്ട്രാറുടെ നിർദ്ദേശ പ്രകാരമോ 2002 ലെ മൾട്ടിസ്റ്റേറ്റ് സഹകരണ സംഘം നിയമത്തിലെ ഭേദഗതി വ്യവസ്ഥകൾക്കനുസരിച്ചോ ടി നിയമനത്തിൽ മാറ്റം വരുത്തുവാനുള്ള അധികാരം സഹകരണ സംഘം രജിസ്ട്രാർക്ക് ഉണ്ടായിരിക്കുന്നതാണ്.

മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ ഫയൽ ചെയ്യുന്ന ആർബിട്രേഷൻ കേസുകൾ സഹകരണ സംഘം രജിസ്ട്രാർ ആർബിട്രേറ്റർക്ക് കൈമാറുന്നതും ടി കേസുകളിൽ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി നടപടി സ്വീകരിച്ച് അവാർഡുകൾ നൽകേണ്ടതും ആയതിന്റെ പകർപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് നൽകേണ്ടതുമാണ്.

മേൽ പ്രകാരം നിയമിക്കപ്പെട്ട ആർബിട്രേറ്റർമാരുടെ സേവനം തൃപ്തികരമല്ലയെന്ന് കാണുന്ന പക്ഷം ടി നിയമനം റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സഹകരണ സംഘം രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കും.

ആർബിട്രേറ്റർമാരുടെ സേവനത്തിനുള്ള പ്രതിഫലം 2002 ലെ മൾട്ടി സ്റ്റേറ്റ് നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി അതാത് സംഘങ്ങളിൽ നിന്നും കൈപ്പറ്റാവുന്നതാണ്.

(ഒപ്പ്)
കൃഷ്ണകുമാർ. ഡി
അഡീഷണൽ രജിസ്ട്രാർ (ജനറൽ).

പകർപ്പ്;

1. ശ്രീ സക്കീർ ഹുസൈൻ.എസ്സ്, ഷിദ്സഫ്, വാളക്കോട് പി.ഒ, പുനലൂർ-691 331
2. ശ്രീ പി.ജി നാരായണൻ, പെരുവാരം(E), നോർത്ത് പറവൂർ, 683513
3. ശ്രീ കെ.ആർ രാജേഷ് കുമാർ, കുരീക്കാട്ടിൽ വീട്, നാരങ്ങാനം വെസ്റ്റ് പി.ഒ, പത്തനംതിട്ട 689642
4. ശ്രീ ജെയിംസ് എം, വർഗ്ഗീസ്, മഞ്ഞാടിയിൽ ഹൗസ്, പന്തല്ലൂർ ഹിൽസ്

പോസ്റ്റ്, പാണ്ടിക്കാട്, മലപ്പുറം ജില്ല- 676521

5. കേന്ദ്ര രജിസ്ട്രാർ
6. വെബ് സൈറ്റ്
7. സ്റ്റോക്ക് ഫയൽ

// ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)